# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2187 8.12.2014-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ദുർബല പ്രദേശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി ദുർബല പ്രദേശനിയമപ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ; | എ) പരിസ്ഥിതി ദുർബലപ്രദേശ നിയമ പ്രകാരം സംസ്ഥാനത്ത് 14591 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| ബി) ജില്ലാ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ; | ബി) പരിസ്ഥിതി ദുർബലപ്രദേശമായി ഏറ്റെടുത്ത ഭൂമിയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| പാലക്കാട് | - | 5270.69 ഹെക്ടർ |
| വയനാട് | - | 3004.86 " |
| കോഴിക്കോട് | - | 1544.99 " |
| ഇടുക്കി | - | 1411.82 " |
| മലപ്പുറം | - | 1285.09 " |
| തിരുവനന്തപുരം | - | 885.26 " |
| കാസർകോട് | - | 662.90 " |
| കണ്ണൂർ | - | 491.26 " |
| കൊല്ലം | - | 273.72 " |
| തൃശ്ശൂർ | - | 80.04 " |
| **ആകെ** | - | **14910.63** " |

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | പരിസ്ഥിതി ദുർബല പ്രദേശ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ രണ്ടു ഹെക്ടർ വരെയുള ഭൂമി ഭൂവുടമകൾക്ക് തിരിച്ചു നൽകാനുളള ഉത്തരവ് എന്നാണ് പുറപ്പെടുവിക്കുന്നത് ; | സി) | 5.3.2014 തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം 2 ഹെക്ടർ വരെയുള്ള ഇ.എഫ്.എൽ ഭൂമി വിട്ടുനൽകുന്നതിന് തീരുമാനി ച്ചിരുന്നു. മേൽ തീരുമാനം നടപ്പിലാക്കുന്നതിനായുള്ള സത്വര നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇ.എഫ്.എൽ ഭൂമി വിട്ടുകൊടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യ മാണ്. |
| ഡി) | ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ഡി) | അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ഇ) | ഇതിന്റെ ഗുണഭോക്താക്കൾ എത്ര പേരാണ് ; | ഇ) | രണ്ട് ഹെക്ടറിൽ താഴെ എത്ര പേരുടെ ഭൂമി സർക്കാർ ഏറ്റെടുത്തു എന്ന വിവരം ലഭ്യമല്ല. എന്തെന്നാൽ ഉടമസ്ഥാവകാശം നോക്കി യിട്ടല്ല വിജ്ഞാപനങ്ങൾ നടത്തിയിരിക്കുന്നത്. സ്ഥലത്തു നിൽക്കുന്ന വൃക്ഷങ്ങളുടെ സ്വഭാവവും കിടപ്പും കണക്കാക്കി സർവ്വേനമ്പരും മറ്റു വി വരങ്ങളും രേഖപ്പെടുത്തിയാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. 2010 ൽ 2 ഹെക്ടറിൽ താഴെ വരുന്ന സ്ഥലത്തിന്റെ ഉടമസ്ഥർക്ക് അപേക്ഷിക്കാൻ അവസരം നൽകിയപ്പോൾ 1050 ഓളം അപേക്ഷകൾ ലഭിച്ചിരുന്നു. മൊത്തത്തിൽ 2 ഹെക്ടറിനു താഴെയുള്ള ഭൂമിയുടെ ഏകദേശം 2000 ഉടമസ്ഥരുണ്ടാകുമെന്ന് അനുമാനിക്കുന്നു. |

എഫ്) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

എഫ്) നിലവിൽ സാധുവായ 383 അപേക്ഷകൾ വിവിധ ഘട്ടങ്ങളായിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| തൃശ്ശൂർ | - 19 |
| കണ്ണൂർ | - 4 |
| കാസർകോഡ് | - 2 |
| ഇടുക്കി | - 28 |
| കോഴിക്കോട് | - 87 |
| പാലക്കാട് | - 164 |
| വയനാട് | - 29 |
| കോട്ടയം | - 24 |
| മലപ്പുറം | - 26 |
| ആകെ | - 383 |

സെക്ഷൻ ഓഫീസർ